**പതിനാലാം കേരളനിയമസഭ**
**ഏഴാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3422** | **22.08.2017-ൽ മറുപടിക്ക്** |

## സ്റ്റുഡന്റ് പോലീസ് കേഡറ്റ്

| ചോദ്യം<br>ശ്രീ. ആന്റണി ജോൺ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ 573 സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. |
| (ബി) | കോതമംഗലം മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിലാണ് പ്രസ്തുത സംവിധാനം നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; സ്കൂളുകളിൽ പ്രസ്തുത സംവിധാനം അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ; | (ബി) | കോതമംഗലം നിയോജക മണ്ഡലത്തിലെ 2 സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.<br>1) മാർ ബേസിൽസ് എച്ച്.എസ്. കോതമംഗലം<br>2) ഗവൺമെന്റ് എച്ച്.എസ്. പൊയ്ക.<br><br>എസ്.പി.സി. സംവിധാനം സ്കൂളുകളിൽ അനുവദിക്കുന്നതിനുള്ള മാനദണ്ഡം ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു. |
| (സി) | കൂടുതൽ സ്കൂളുകളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുമോ എന്ന് അറിയിക്കാമോ? | (സി) | ബഹു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ നടപ്പ് അധ്യയന വർഷം 100 സർക്കാർ സ്കൂളുകളിൽക്കൂടി എസ്.പി.സി. പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

Annexure

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കാൻ വേണ്ടി പുതിയ സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1. പരേഡ്, പി.റ്റി എന്നിവ നടത്തുന്നതിന് വേണ്ട സ്ഥലസൗകര്യമുള്ള ഗ്രൗണ്ട് പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന സ്കൂളിന് ഉണ്ടായിരിക്കണം.
2. ഒരു സ്കൂളിൽ എസ് പി സി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി പദ്ധതിയോട് താൽപര്യമുള്ള ഒരു സി പി ഒ യും ഒരു എ സി പി ഒ യും ഉണ്ടായിരിക്കണം. ഇതിൽ ഒരാൾ വനിത ആയിരിക്കണം. എസ് പി സി സംബന്ധമായ സംസ്ഥാനതലത്തിലും സ്കൂൾ തലത്തിലും നടക്കുന്ന പദ്ധതി പ്രവർത്തനങ്ങളിൽ ടി അധ്യാപകർ പങ്കെടുക്കാൻ സന്നദ്ധരായിരിക്കണം. ടി അധ്യാപകരെ അധികച്ചുമതലകളിൽ നിന്ന് അതാത് ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ് ഒഴിവാക്കി കൊടുക്കേണ്ടതാണ്.
3. എസ്.പി.സി പദ്ധതി ഏർപ്പെടുത്തുന്ന സ്കൂളുകളിൽ എട്ടാം ക്ലാസിലെ കുട്ടികളുടെ എണ്ണം നൂറിൽ കുറയരുത് (എൻ.സി.സി, എൻ.എസ്.എസ്, സ്കൗട്ട്. ഗൈഡ്സ് മുതലായവ ഇല്ലാത്ത സ്കൂളുകളിൽ).
4. എൻ.സി.സി-യുടേയും എൻ.എസ്.എസിന്റെയും യൂണിറ്റുകളില്ലാത്ത സർക്കാർ സ്കൂളുകൾക്ക് മുൻഗണന നൽകേണ്ടതാണ്
5. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലെ സ്കൂളുകൾക്കായിരിക്കണം മുൻഗണന നൽകേണ്ടത്
6. അൺ എയ്ഡഡ് സ്കൂളുകൾക്ക് എസ്.പി.സി പദ്ധതി തുടങ്ങുന്നതിനുള്ള അംഗീകാരം നൽകുന്നതിന് മുൻപ് ടി സ്കൂളുകളിലെ സി.പി.ഒ /എ.സി.പി.ഒ (അധ്യാപകർ) എന്നിവരെ അഞ്ച് വർഷത്തേക്ക് സ്ഥലം മാറ്റുവാൻ പാടില്ലായെന്നും , കൂടാതെ എസ്.പി.സി പ്രവർത്തനകലണ്ടർ പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളിലും ടി അധ്യാപകർക്ക് പങ്കെടുക്കാൻ അതാത് സ്കൂളുകളിലെ മാനേജ്മെന്റ്/ഹെഡ്മിസ്ട്രസ്/ഹെഡ്മാസ്റ്റർ വേണ്ട ശ്രദ്ധ ചെലുത്തുമെന്നും കേഡറ്റുകൾക്ക് നൽകേണ്ട ലഘുഭക്ഷണം കൃത്യമായി നൽകുമെന്നും സമ്മതപത്രം എഴുതി വാങ്ങേണ്ടതാണ്
7. അൺ എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ്/ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് എന്നിവരുടെ നിസ്സീമമായ സഹകരണം എസ്.പി.സി പദ്ധതി നടത്തുന്നതിനുണ്ടായിരിക്കണം.
8. സജീവമായതും സേവനപാരമ്പര്യവുമുള്ള അദ്ധ്യാപക-രക്ഷകർത്തൃ സമിതി ഉണ്ടായിരിക്കണം. ഇതിന്റെ സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ടുള്ള ഒരു സമ്മതപത്രം ഉണ്ടായിരിക്കണം.
9. അത്യാവശ്യ ഫർണിച്ചർ ഉൾപ്പെടെ എസ്.പി.സി ഓഫീസ് ഉണ്ടായിരിക്കണം
10. കേഡറ്റുകൾക്ക് വസ്ത്രം മാറാൻ പ്രത്യേകസ്ഥലം ഉണ്ടായിരിക്കണം.
11. പദ്ധതി അനുവദിച്ചാലുടൻ സ്കൂളിന് മുന്നിൽ എസ്.പി.സി ബോർഡ് സ്ഥാപിക്കേണ്ടതാണ്.
12. രണ്ട് മാസത്തിൽ ഒരിക്കൽ സ്കൂൾ തല ഉപദേശകസമിതി യോഗവും രക്ഷകർത്താക്കളുടെ യോഗവും കൂടുന്നതിന് സന്നദ്ധരായിരിക്കണം.
13. കമ്മ്യൂണിക്കേഷൻ/റിപ്പോർട്ടുകൾ [illegible] കൃത്യമായും സമയബന്ധിതമായി നൽകാൻ ബാധ്യസ്ഥരായിരിക്കണം.

(signature)
സെക്ഷൻ ഓഫീസർ